# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.റ്റി.4240 — 24/10/16-ൽ മറുപടിക്ക്

### ശബ്ദമലിനീകരണം ഉണ്ടാക്കുന്ന ഉച്ചഭാഷിണികൾക്ക് നിരോധനം

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) ശബ്ദമലിനീകരണം ഉണ്ടാക്കുന്നതിന്റെ പേരിൽ ഏതൊക്കെ ഇനം ഉച്ചഭാഷിണികൾക്കാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്; | എ) | കോളാമ്പി രൂപത്തിലുള്ള ഉച്ചഭാഷിണികൾക്ക് പോലീസ് വകുപ്പിൽ നിന്നും അനുവാദം നൽകാറില്ല. ബോക്സ് ആകൃതിയിലുള്ള ഉച്ചഭാഷിണികൾക്ക് മാത്രമേ അനുവാദം നൽകാറുള്ളൂ. |
| ബി) ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുവാൻ നിലവിൽ ഏതൊക്കെ ഉദ്യോഗസ്ഥന്മാരിൽ നിന്നും ഏതൊക്കെ അനുമതിയാണ് ആവശ്യമുള്ളത്; എന്തൊക്കെ ഉപാധികളോടെയാണ് ഇത്തരം അനുമതി നൽകാറുള്ളത്; | ബി) | ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നൽകുന്നത് ബന്ധപ്പെട്ട സബ്ഡിവിഷണൽ പോലീസ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരാണ്. അനുമതി നൽകുന്നതിനുള്ള ഉപാധികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| സി) സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ ആർക്കൊക്കെയാണ് അനുമതി നൽകാറുള്ളത്; ഇങ്ങനെ നൽകുന്ന അനുമതി എന്തൊക്കെ വ്യവസ്ഥകൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | സി) | ആരാധനാലയങ്ങൾക്കാണ് സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകുന്നത്. ബന്ധപ്പെട്ട നിയമങ്ങൾ / ചട്ടങ്ങൾക്കും ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കും വിധേയമായി അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്. |

| | | | |
|---|---|---|---|
| ഡി) | തിരുവനന്തപുരം ജില്ലയിൽ പെരുമ്പഴുതൂർ വടകോട് എന്ന സ്ഥലത്ത് അനുമതിയില്ലാതെ സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; | ഡി) | പെരുമ്പഴുതൂർ വടകോട് ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ മൈക്ക് ഉച്ചത്തിൽ പ്രവർത്തിപ്പിക്കുന്നതായി കാണിച്ച് പേരുവയ്ക്കാതെ സ്ഥലവാസികളിലാരോ സമർപ്പിച്ച പരാതി ലഭിച്ചിരുന്നു. അന്വേഷണത്തിൽ ഈ പരാതി വ്യാജമാണെന്ന് കണ്ടെത്തിയിട്ടുള്ളതും ടി ക്ഷേത്രത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതായും നിരോധിച്ച ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. |
| ഇ) | നിരോധിച്ചിട്ടുള്ള കോളാമ്പി മൈക്കുകൾ ഇവിടെ പ്രവർത്തിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഇത്തരം ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമാനുസൃതമുള്ള ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ നിരോധിത ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

[redacted]

POLICE DEPARTMENT

KERALA

<u>കേരള പൊലീസ്</u>

<u>ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്</u>

നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആൻറ് കൺട്രോൾ) റൂൾസ് 2000 20/4/2002 ലെ കേരള ഗവൺമെന്റിന്റെ വിജ്ഞാപനം നമ്പർ എസ്സ്.ആർ ഒ: 289/2002 കേരള പൊലീസ് ആക്ട് എന്നീവയിലെ നിയമ വ്യവസ്ഥകൾക്ക് വിധേയമായി ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്.

1. അപേക്ഷകന്റെ പേരും മേൽവിലാസവും :സ്
2. (I) ഉച്ചഭാഷിണി ഉപയോഗിക്കാവുന്ന സ്ഥലം :

   (II) തിയതിയും സമയവും :

   (III) മേഖല (സോൺ) : വ്യാവസായിക മേഖല
   വാണിജ്യമേഖല
   ആവാസമേഖല

   (IV)അനുവദിച്ചിരിക്കുന്ന ശബ്ദപരിധി : 45 ഡെസിബൽ

   (V)ആമ്പ്ലിഫയറിൽ നിന്നും ഉച്ചഭാഷിണി ഘടിപ്പിക്കാവുന്ന ദൂരപരിധി : 300 മീറ്റർ
3. അനുവദിച്ചിട്ടുള്ള ഉച്ചഭാഷിണികളുടെ എണ്ണം :
4. വാഹനത്തിന്റെ വിവരങ്ങൾ :

<u>അനുമതി വ്യവസ്ഥകൾ</u>

a) അടച്ച കെട്ടിയുള്ള ഓഡിറ്റോറിയം, കോൺഫറൻസ് മുറികൾ , കമ്മ്യൂണിറ്റി ഹാൾ സദ്യാലയങ്ങൾ എന്നീവ ഒഴികെ മറ്റൊരിടത്തും രാത്രി 10 മണിക്ക് ശേഷവും രാവിലെ 6 മണിയ്ക്ക് മുൻപും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല .

b)ആശുപത്രികൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ , കോടതികൾ , പബ്ലിക് ഒഫീസുകൾ, വന്യജീവി സങ്കേതം എന്നീവയുടെ 100 മീറ്റർ ചുറ്റളവിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല .

c) ഓടി കൊണ്ടിരിക്കുന്ന വാഹനങ്ങളിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുത്

d) ജനസഞ്ചാരമുള്ള പൊതുനിരത്തുകളിൽ ഗതാഗതത്തിന് അസൗകര്യം ഉണ്ടാക്കുന്ന രീതിയിലും പൊതുജനത്തിന് അരോചകമാകുന്ന വിധവും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുത്. കവലകളിലും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല.

e)ബോക്സ് ആകൃതിയിലുള്ള ഉച്ചഭാഷിണി മാത്രമേ പ്രവർത്തിപ്പിക്കുവാൻ പാടുള്ളു . ഒരു ബോക്സിൽ രണ്ടിൽ കൂടുതൽ ഉച്ചഭാഷിണികൾ ഘടിപ്പിക്കുവാൻ പാടില്ല.

f) ഒരു വാഹനത്തിൽ രണ്ടിൽ കൂടുതൽ ബോക്സുകൾ ഘടിപ്പിക്കുവാൻ പാടില്ല.

g) പൊതു പരിപാടികൾക്ക് അനുവദിച്ചിരിക്കുന്ന ഉച്ചഭാഷിണികൾ ആ പരിപാടികളിൽ പങ്കെടുക്കുന്നവർ മാത്രം കേൾക്കത്തക്കവിധം

ക്രമീകരിക്കേണ്ടതാണ്

h) ഉച്ചഭാഷിണികൾ ആമ്പ്ലിഫയറിൽ നിന്നും 300 മീറ്ററിനപ്പുറം ഘടിപ്പിക്കുവാൻ പാടില്ല.

I) ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുമ്പോഴുണ്ടാകുന്ന ശബ്ദത്തിൻറെ തോത് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിക്കുന്നതിൽ അധികമാകാൻ പാടില്ല.

| മേഖല | പകൽ | രാത്രി |
|---|---|---|
| വ്യാവസായിക മേഖല | 75 ഡെസിബൽ | 70 ഡെസിബൽ |
| വാണിജ്യമേഖല | 65 | 55 |
| ആവാസമേഖല | 55 | 45 |

J) ഈ അനുമതിയുടെ അടിസ്ഥാനത്തിലുള്ള ഉച്ചഭാഷിണിയുടെ ഉപയോഗം ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്ന് കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കുന്ന സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന് ബോധ്യമായാൽ ഉച്ചഭാഷിണി യുടെ പ്രവർത്തനം നിർത്തിവെയ്ക്കാൻ നിർദ്ദേശിക്കാവുന്നതാണ് . അപ്രകാരമുള്ള നിർദ്ദേശം അംഗീകരിച്ചില്ലെങ്കിൽ ഉച്ചഭാഷിണി പ്രവർത്തിക്കുന്നതിന് നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കപ്പെട്ടതായി കരുതുന്നതും ഉച്ചഭാഷിണി, വാഹനം എന്നിവ കണ്ടുകെട്ടി മറ്റ് നിയമ നടപടികൾ സ്വീകരിക്കാവുന്നതുമാണ്

k)ഈ ലൈസൻസ് പ്രകാരം ഉച്ചഭാഷിണി പ്രവർത്തിക്കുമ്പോൾ നോയിസ് പൊല്യൂഷൻ ( റെഗുലേഷൻ ആൻറ് കൺട്രോൾ) റൂൾസ് 2000. 20/4/200 2 ലെ കേരളാ ഗവൺമെന്റിന്റെ വിജ്ഞാപനം നമ്പർ എസ്സ്.ആർ .ഒ: 289/2002 കേരള പൊലീസ് ആക്ട് എന്നീവയിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണെങ്കിൽ ലൈസൻസ് വാങ്ങിയിരിക്കുന്ന ആളും , ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്ന ആളും പരിപാടിയുടെ സംഘാടകരും , ഉച്ചഭാഷിണി വാഹനത്തിലാണ് ഘടിപ്പിച്ചിട്ടുള്ളതെങ്കിൽ അതിന്റെ ഡ്രൈവറും ശിക്ഷാർഹരായിരിക്കുന്നതാണ് .

l ) ഓരൊ ജില്ലയിലും പ്രവേശിക്കുന്നതിന് മുമ്പ് അതാത് ജില്ലാ പൊലീസ് മേധാവിയെ വിവരം അറിയിച്ച് ക്ലിയറൻസ് വാങ്ങേണ്ടാതാണ് .

m) ഈ അനുമതി പത്രം വാണ്യജ്യ പരസ്യപ്രക്ഷേപണങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്

സംസ്ഥാന പോലിസ് മേധാവിയ്ക്ക് വേണ്ടി

17/2002

No. U6-30380/2002
Police Headquarters,
Thiruvananthapuram,
Dated: 05-12-2002.

## CIRCULAR NO. 17/2002

Sub: - Public order – use of Loud Speakers – Revision of system of granting licence – instructions issued.

Ref: - 1. PHQ Circular Nos. 26/1974, 7/1980 and 28/1995.

Under the provisions of the Environment (Protection) Act 1986) the Government of India had issued Noise Pollution (Regulation and Control) Rules 2000. The objective of the Rules read with the Provisions of the Act is to reduce the level of sound pollution caused by unrestricted use of loud speakers.

In the light of the Act and Rules and in accordance with the regulatory functions under the Kerala Police Act 1960, a Notification dated 28-11-2002 has been issued by the Director General of Police prescribing regulations regarding grant of licences for use of loud speakers. (Annexure-1). A specimen of the form prescribed vide item 5 of the Notification is given in Annexure -2.

Therefore in super session of the PHQ Circulars referred above, the following instructions are issued for achieving uniformity in implementation of the Notification.

1. The Competent authority for issue of the licence is prescribed as either the SDPO or SP/CP. Since the competent Officer is required to have adequate knowledge of the classification of Zones and the permitted level of sound (in decibels), applications for licence will not be entertained by Range DIGs, Zonal IGPs and PHQrs.

2. The sanctioning authority shall ensure that all the particulars required in Column 1 to 4 are furnished in the prescribed form, while issuing the licence.

3. No licence shall be granted to an applicant for use of loud speakers for more than 10 days under one application.

4. It will be the personal responsibility of the competent authority to ensure that the licence is issued strictly in accordance with the conditions laid

down in the Notification.

5 Before the grant of licence the competent authority should be aware of the classification of the various zones in his jurisdiction and the level of the sound (in decibels) allowed in each zone.

It is clarified that with the issuance of this Notification, the restrictions ordered by the Hon'ble High Court of Kerala in WA No. 3125 of 2001 are no more operative.

It is expected that with proper application of mind by SDPOs/SPs/CPs, the provisions of the Notification will be enforced effectively and the objectives of the Environment (Protection) Act 1960 and the Noise Pollution (Regulation and Control) Rules 2000 achieved.

K.J. JOSEPH
DIRECTOR GENERAL OF POLICE.

To

All List 'B' Officers & All SDPOs.
Stock File/Circulation File.

Copyright © <Year>, <Your company/name>

*This help file has been generated by the freeware version of HelpNDoc*